**വിവരാവകാശം/മറുപടി**

നം. E4- 1782/18

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി : 14.02.2018.
Email - swdkerala@gmail.com
Phone : 0471 – 2306040

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
തിരുവനന്തപുരം.

ശ്രീമതി. ഗിരിജ കുമാരി അമ്മ,
ആരാധന,
മുല്ലശ്ശേരി,
കരകുളം. പി. ഒ, പിൻ - 695 564.

മാഡം,

വിഷയം :- സാമൂഹ്യ നീതി വകുപ്പ് – ജീവനക്കാര്യം - വിവരാവകാശ നിയമം 2005 പ്രകാരം മറുപടി നൽകുന്നത് സംബന്ധിച്ച്.
സൂചന :- താങ്കളുടെ 01.02.2018 ലെ അപേക്ഷ.

2005 ലെ വിവരാവകാശ നിയമ പ്രകാരമുള്ള താങ്കളുടെ അപേക്ഷയിൻമേലുള്ള മറുപടി ചുവടെ ചേർക്കുന്നു.

1. കാറ്റഗറി നമ്പർ 567/2013 മായി ബന്ധപ്പെട്ട വിവരങ്ങൾ ഈ കാര്യാലയത്തിൽ ലഭ്യമല്ല. 29.6.2015 ന ശേഷം സാമൂഹ്യ നീതി വകുപ്പിൽ തിരുവനന്തപുരം ജില്ലയിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ 19 പേർ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്.
2. 29.6.2015 ന ശേഷം സാമൂഹ്യ നീതി വകുപ്പിൽ തിരുവനന്തപുരം ജില്ലയിൽ 12 പേർ വാച്ച്മാൻ തസ്തികയിൽ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്. ആയതിൽ 2 പേർ കൊല്ലം ജില്ലാ PSC നിയമന ശുപാർശ ചെയ്ത് വാച്ച്മാന്റെ ഹെഡ്ക്വാർട്ടേഴ്സ് ഒഴിവിൽ നിയമിതരായവരാണ്.
3. 29.6.2015 ന ശേഷം സാമൂഹ്യ നീതി വകുപ്പിനു കീഴിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച പുരുഷ ഉദ്യോഗാർത്ഥികളുടെ പേരും മേൽവിലാസവും പട്ടികയാക്കി സൂക്ഷിച്ചിട്ടില്ല. ടിയാളുകളുടെ നിയമനവുമായി ബന്ധപ്പെട്ട ഈ കാര്യാലയത്തിലെ ഫയൽ നേരിട്ട് പരിശോധിച്ച് പേരും മേൽവിലാസവും ശേഖരിക്കാവുന്നതാണ്.

4. സാമൂഹ്യ നീതി വകുപ്പിനു കീഴിൽ തിരുവനന്തപുരം ജില്ലയിൽ 29.6.2015 നു ശേഷം തസ്തികമാറ്റത്തിലൂടെ OA ആയി മാറിയവരുടെ പേരുവിവരം ഈ കാര്യാലയത്തിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. ആയതുമായി ബന്ധപ്പെട്ട് ഈ കാര്യാലയത്തിലെ ഫയൽ താങ്കൾക്ക് നേരിട്ട് പരിശോധിച്ച് വിവരങ്ങൾ ശേഖരിക്കാവുന്നതാണ്.

5.

1) സാമൂഹ്യ നീതി വകുപ്പിൽ തിരുവനന്തപുരം ജില്ലയിൽ 29.6.2015 നുശേഷം ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച 11 പേർ പ്രൊബേഷൻ കാലാവധി പൂർത്തിയാക്കായിട്ടുണ്ട്.

(2)&3) 29.6.2015 നുശേഷം പ്രൊബേഷൻ കാലാവധി പൂർത്തിയാക്കിയവരുടെയും പ്രൊബേഷൻ പൂർത്തിയാക്കാത്തവരുടെയും പേരും മേൽവിലാസവും പട്ടികയാക്കി ഈ കാര്യാലയത്തിൽ സൂക്ഷിച്ചിട്ടില്ല. ആയതുമായി ബന്ധപ്പെട്ട ഫയലുകൾ താങ്കൾക്ക് നേരിട്ട് പരിശോധിച്ച് വിവരങ്ങൾ ശേഖരിക്കാവുന്നതാണ്.

6. തിരുവനന്തപുരം ജില്ലയിൽ നിലവിൽ തസ്തികമാറ്റം വഴി OA ആയി മാറുന്നതിനുള്ള അപേക്ഷ നൽകിയിട്ടുള്ള ജീവനക്കാരുടെ പേരും ജോലിയിൽ പ്രവേശിച്ച തീയതിയും ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ/ജീവനക്കാരിയുടെ പേര് | ജോലിയിൽ പ്രവേശിച്ച തീയതി |
|---|---|---|
| 1. | ശ്രീ. ഷെമീം. എച്ച് | 29.2.2016 |
| 2. | ശ്രീ. ദീപു. എം.എസ്സ് | 22.7.2017 |
| 3. | ശ്രീ. ദീപാങ്കുരൻ. എസ്സ് | 24.7.2017 |
| 4. | ശ്രീമതി. ബീഗം ബൻഹർ | 26.7.2017 |
| 5. | ശ്രീമതി. സുമമോൾ. എസ്സ്.എസ്സ് | 16.11.2017 |

ടി ജീവനക്കാരുടെ നിയമന ഉത്തരവുകൾ ആകെ 6 പേജുണ്ട്. ആയത് ലഭ്യമാക്കുന്നതിന് പേജ് ഒന്നിന് 2/- രൂപ നിരക്കിൽ 12/- രൂപ വിവരാവകാശ നിയമവുമായി ബന്ധപ്പെട്ട ശീർഷകമായ 0070-60-800-42-other charges RTI യിൽ ഒടുക്കി ചെലാൻ സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

7. (1) 27.1.2018 ലെ സ.ഉ (കൈ)നം. 1/2018/ഉ.ഭ.പ.വ പ്രകാരം OA ഒഴിവുകൾ PSC യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(2) 27.1.2018 ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ അറിവിലേയ്ക്കും തുടർ നടപടികൾക്കുമായി ഒരു പരിപത്രം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ആയതിൻ പ്രകാരം ഒഴിവ് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുമുണ്ട്.

(3) ബാധകമല്ല.

മേൽ മറുപടി താങ്കൾക്ക് തൃപ്തികരമല്ല എങ്കിൽ അപ്പീൽ അധികാരിയായ ശ്രീമതി. കെ. ഗീത, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ & അപ്പലേറ്റ് അതോറിട്ടി, സാമൂഹ്യ നീതി ഡയറക്ടറേറ്റ്, വികാസ് ഭവൻ, തിരുവനന്തപുരം – 33 എന്ന വിലാസത്തിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

വിശ്വസ്തതയോടെ,

S. രാജീവ് കുമാർ,
സീനിയർ സൂപ്രണ്ട് &
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
സാമൂഹ്യ നീതി ഡയറക്ടറേറ്റ്

FCD
15/2/18